പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2529 19.12.2012 ൽ മറുപടിയ്ക്ക്

## ഇൻസുലിൻ വാക്സിനുകളുടെ പ്രതിമാസ വിൽപന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ. എസ്. സലീഖ : | ശ്രീ. വി. എസ്. ശിവകുമാർ<br>ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രതിമാസം എത്ര കോടി രൂപയുടെ ഇൻസുലിനും വാക്സിനുകളുമാണ് വിൽപന നടത്തുന്നത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് പ്രതിമാസം വിറ്റഴിക്കുന്ന ഇൻസുലിൻ മരുന്നുകളുടെയും പ്രതിരോധ കുത്തിവെയ്പുകളുടെയും വില്പനകളുടെ കൃത്യമായ കണക്കുകൾ ലഭ്യമാക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ട്. |
| (ബി)സംസ്ഥാനത്ത് വിറ്റഴിയുന്ന ഇൻസുലിനും പ്രതിരോധ വാക്സിനുകളും ഗുണനിലവാര പരിശോധനയില്ലാതെയാണ് വിപണിയിലെത്തുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ; വ്യക്തമാക്കുമോ; | (ബി) ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രതിരോധ വാക്സിൻ മരുന്നുകൾ ഉത്പാദിപ്പിക്കുന്ന കമ്പനികൾ പരിശോധിച്ച ശേഷം കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള കസൗളിയിലെ സെന്ട്രൽ റിസേർച്ച് ലാബോറട്ടറിയിൽ, ഉത്പാദിപ്പിച്ച ഓരോ ബാച്ചും പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കിയ ശേഷമാണ് വിപണിയിൽ എത്തിക്കുന്നത്. കേരളത്തിലെ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയിൽ ഇത്തരം മരുന്നുകൾ പരിശോധിക്കാനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല. തീവ്രമായ ഗുണനിലവാര പരിശോധന ഉറപ്പാക്കിയതിനു ശേഷമാണ് ഉത്പാദകർ മരുന്ന് വിപണിയിലെത്തിക്കുന്നത്. വിദേശത്തു നിന്നും ഇറക്കുമതി ചെയ്ത് വിപണനം നടത്തുന്ന മുഴുവൻ ഇൻസുലിൻ മരുന്നുകളും സർക്കാർ ഉടമസ്ഥയിലുള്ള എൻ.ഐ.ബി. നോയിഡ എന്ന സ്ഥാപനത്തിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തിയിതനു ശേഷമേ വിപണനം നടത്താൻ അനുവദിക്കാറുള്ളൂ. |
| (സി)സംസ്ഥാനത്ത് വിൽക്കുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിൽ ഡ്രഗ് കൺട്രോൾ വിഭാഗം ഗുരുതര വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടുവോ; വിശദമാക്കുമോ; | (സി) ഇല്ല. |
| (ഡി)ഗുണ നിലവാരത്തിൽ വേണ്ടത്ര ശ്രദ്ധിക്കാതെ വാങ്ങുന്നതാണ് ടെസ്റിംഗ് ഉപകരണങ്ങൾ കേടാവാൻ കാരണമെന്ന പൊതുസമൂഹത്തിന്റെ ആക്ഷേപം | (ഡി) ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗുണനിലവാരം പരിശോധിച്ചതിനുശേഷം മാത്രമാണ് ലാബിലേക്കുള്ള ഉപകരണങ്ങൾ വാങ്ങുന്നത്. |

| | |
|---|---|
| ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ; | |
| (ഇ) സാമ്പിൾ പരിശോധനയിൽ നിലവാരമില്ലാത്തതായി കണ്ടെത്തുന്ന മരുന്നുകളുടെ ബാച്ചുകൾ പിൻവലിക്കാൻ നൽകുന്ന നിർദ്ദേശം വൈകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (ഇ) നിലവിലുള്ള ഗുണനിലവാര പരിശോധന സൗകര്യങ്ങളുടെ പരിമിതി അനുസരിച്ച് പരിശോധന ഫലം ലഭ്യമാകാൻ ഏകദേശം മൂന്ന് മാസം വരെ കാലതാമസം നേരിടുന്നുണ്ട്. ഗുണനിലവാരം കുറഞ്ഞ ഔഷധങ്ങളുടെ വിവരങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിലേക്കായി രൂപകല്പന ചെയ്തിട്ടുള്ള XLN സോഫ്റ്റ്‌വെയറിലെ എസ്.എം.എസ്. സംവിധാനം നിലവിലുണ്ട്. ഈ സംവിധാനം വഴി ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകളുടെ വിശദാംശങ്ങൾ പരിശോധന ഫലം പ്രഖ്യാപിച്ച ഉടൻ തന്നെ മൊബൈൽ നമ്പർ ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വ്യാപാരികൾ, വിതരണക്കാർ, നഴ്സുമാർ, ഫാർമസിസ്റ്റുമാർ എന്നിവർക്കും ആശുപത്രികൾ, മറ്റു സംസ്ഥാനങ്ങളിലെ ഡ്രഗ്സ് കൺട്രോൾ വകുപ്പുകൾ എന്നിവയ്ക്കും ലഭ്യമാക്കുന്നു. |
| (എഫ്) പ്രതിവർഷം ഏകദേശം എത്രകോടി രൂപയുടെ അലോപ്പതി മരുന്നുകൾ മലയാളികൾ ഉപയോഗിക്കുന്നുവെന്നാണ് കണക്കാക്കുന്നത്? | (എഫ്) പ്രതിവർഷം ഏകദേശം 4000 കോടി രൂപയുടെ മരുന്നുകൾ മലയാളികൾ ഉപയോഗിക്കുന്നുവെന്നാണ് കണക്കാക്കുന്നത്. |

സെക്ഷൻ ഓഫീസർ